പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2803 27/01/2014 ൽ മറുപടിയ്ക്ക്

## പട്ടികജാതി വികസന വകുപ്പിനു കീഴിൽ സിവിൽ സർവ്വീസ് പരീക്ഷ പരിശീലനകേന്ദ്രം

| ചോദ്യം<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. എം.പി. വിൻസെന്റ് | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനകേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 1989 മുതൽ തിരുവനന്തപുരത്ത് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനകേന്ദ്രം ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ പി.റ്റി.പി. നഗറിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | സിവിൽ സർവ്വീസ് മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് കൃത്യമായ പരിശീലനം നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. |
| (സി) | എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | 100% കേന്ദ്രാവിഷ്കൃത പദ്ധതി ആയിട്ടാണ് സ്ഥാപനം ആരംഭിച്ചത്. ഇപ്പോൾ സംസ്ഥാന പട്ടികജാതി വികസന വകുപ്പിന്റെ വിഹിതത്തിൽ നിന്നുമാണ് ധനസഹായം നൽകിവരുന്നത്. |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | കോഴ്സിന്റേയും സ്ഥാപനത്തിന്റേയും ശരിയായ നടത്തിപ്പിന് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സെക്രട്ടറിയായും, സ്ഥാപനത്തിന്റെ പ്രിൻസിപ്പാൾ ജോയിന്റ് സെക്രട്ടറിയായും ഉള്ള ഗവേണിംഗ് ബോഡി പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നു. |

സെക്ഷൻ ഓഫീസർ